एचएलएल लाइफ़केयर लिमिटेड
(भारत सरकार का उद्यम)
(पूर्व हिंदुस्तान लैटेक्स लिमिटेड)

HLL Lifecare Limited
(A Government of India Enterprise)
(formerly Hindustan Latex Limited)

*പത്രക്കുറിപ്പ്* *28.10.2019*

# പ്രതീക്ഷ സ്കോളർഷിപ്പ് (2019-2020): എച്ച്എൽഎൽ അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിനു കീഴിൽ പ്രവർത്തിക്കുന്ന പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി, പ്രഫഷനൽ, സാങ്കേതിക കോഴ്സുകൾക്കു പഠിക്കുന്ന സമർഥരായ വിദ്യാർഥികളിൽനിന്ന് 2019 – 2020 അധ്യയന വർഷത്തേക്കുള്ള സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. കോർപറേറ്റ് കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്ത പരിഗണനപ്രകാരമുള്ള സ്കോളർഷിപ്പ് ബിപിഎൽ കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾക്കാണ് നൽകുന്നത്.

കേരളത്തിനുള്ളിൽ മെഡിസിൻ, എൻജിനീയറിങ്, ബിഫാം, ഡിപ്ലോമ, നഴ്സിങ്, ഐടിഐ കോഴ്സുകൾക്കു പഠിക്കുന്ന തിരുവനന്തപുരം ജില്ലക്കാരായ വിദ്യാർഥികൾക്കാണ് പ്രതീക്ഷ സ്കോളർഷിപ്പുകൾ നൽകുന്നത്. ഇക്കൊല്ലം 30 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കും. കഴിഞ്ഞവർഷം അർഹരായവർക്കുപുറമേയാണിത്. അപേക്ഷാഫോം എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിന്റെ ഓഫിസുകളിൽനിന്നോ www.lifecarehll.com എന്ന എച്ച്എൽഎൽ വെബ്സൈറ്റിൽനിന്നോ ലഭിക്കും. മാനേജർ (എച്ച്ആർ), എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, കോർപറേറ്റ് ആൻഡ് റജിസ്ട്രേഡ് ഓഫിസ്, എച്ച്എൽഎൽ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ 2019 നവംബർ 30നകം അപേക്ഷകൾ ലഭിക്കണം.

എംബിബിഎസ് വിദ്യാർഥികൾക്ക് പ്രതിവർഷം 30,000 രൂപ, എൻജിനീയറിങ് വിദ്യാർഥികൾക്ക് 20,000 രൂപ, ബിഫാം, ഡിപ്ലോമ, നഴ്സിങ് വിദ്യാർഥികൾക്ക് പ്രതിവർഷം 10,000 രൂപ എന്നിങ്ങനെയാണ് സ്കോളർഷിപ്പ് തുക. ഐടിഐ വിദ്യാർഥികൾക്ക് 5000 രൂപ ലഭിക്കും. ഓരോ വിഭാഗത്തിലും അഞ്ച് സ്കോളർഷിപ്പു വീതമാണ് നൽകുന്നത്. തുക പഠനകാലം മുഴുവൻ ലഭിക്കും.

പഠനമികവും സാമ്പത്തിക സ്ഥിതിയും അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ബന്ധപ്പെട്ട അധികൃതരിൽനിന്നുള്ള വരുമാനം തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റ്, എസ്എസ്എൽസി, പ്ലസ്ടു സർട്ടിഫിക്കറ്റുകൾ, പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരിയിൽനിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. തുടർവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് വർഷംതോറും പഠനമികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും മാർക്ക്ലിസ്റ്റും സമർപ്പിക്കണം.

2014ൽ തുടക്കമിട്ട പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയിലൂടെ, തിരുവനന്തപുരത്തെയും കർണാടകയിലെ കനഗലയിലെയും നിർധന കുടുംബങ്ങളിൽനിന്നു പ്രഫഷനൽ ബിരുദ കോഴ്സുകൾക്കു പഠിക്കുന്ന മിടുക്കരായ 180 കുട്ടികൾക്ക് 57.85 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് എച്ച്എൽഎൽ അനുവദിച്ചത്. എച്ച്എൽഎൽ ജീവനക്കാരുടെ കൂടി പിന്തുണയോടെ മുന്നോട്ടു പോകുന്ന പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി ഫണ്ട് കണ്ടെത്തുന്നത് ജീവനക്കാരുടെ സംഭാവനകളിൽനിന്നും കമ്പനിയുടെ സിഎസ്ആർ ഫണ്ടിൽനിന്നുമാണ്.